# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

# എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി11/2135/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

ഇ-മെയിൽ - dopkd.ksad@kerala.gov.in
ഫോൺ- 0491 2524015
തീയതി-21.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ എസ് എ-പികെഡി11/2135/16 തിയ്യതി: 21.01.2017

# പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 28-6-2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 3-8-2016ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 19-6-2016 മുതൽ 20-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകൊളാന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും സെപ്തംബർ 2016 മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരേിശാധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| മാന്വൽ രശീതി(8692മുതൽ 8698വരെ) | 6 എണ്ണം |
| സാംഖ്യ രശീതി (1546 മുതൽ 2032 വരെ) | 86 എണ്ണം |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം താഴെ കൊടുക്കുന്നു.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,<br><br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-10-2016 മുതൽ 28-10-2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ പി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ ചാമിക്കുട്ടി.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി നസീറാബാനു.എ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | കാലാവധി |
|---|---|
| ശ്രീമതി. വിജയകുമാരി | 1-4-2015 മുതൽ 28-10-2015.വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | 29-11-2015 മുതൽ 18-11-2015 വരെ |
| ശ്രീ. പി. രാജൻ | 19-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | കാലാവധി |
| ശ്രീ. കെ.കെ. ജയകുമാർ | 1-4-2015 മുതൽ 31-3-2016 വരെ |

(ബി)നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | എം. ശാന്തി | 1-4-2015 മുതൽ 31-3-2016 വരെ |
| അസി.എഞ്ചിനീയർ | സുഷമ. വി.എസ് | 1-4-2015 മുതൽ 3-3-2016 വരെ |
| | സേതു.എസ് | 4-3-2016മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ<br><br>പി.എച്ച്.സി | ധീന ഡേവിഡ് | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ദീപ്തി.എസ്. | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ<br><br>(ഹോമിയോപതി) | ഡോ.കെ.എസ്.സുനിത | 1-4-2015 മുതൽ 14-2-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷീജ. എസ് | 15-2-2016 മുതൽ 31-3-2016 വരെ |
| | രാജൻ.ആർ | 1-4-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | ശ്രീദേവി.വി.എ | 1-4-2015 മുതൽ 23-7-2016 വരെ |
| | അരുൺ. ടി.ടി | 24-7-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശോഭന | 1-4-2015 മുതൽ 31-3-2016 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2(1) |
| 2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 2(2) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതി | 3(1) |

| | | |
|---|---|---|
| 2 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കംപ്യൂട്ടർ വാങ്ങിയത്. തുക തടസ്സപ്പെടുത്തുന്നു | 3(2) |
| 3 | എച്ച്.ഐ.വി ബാധിതരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 3(3) |
| 4 | ഐ.എ.വൈ. ഭവന നിർമ്മാണം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3(4) |
| 5 | കുടുംബശ്രീ അക്കൗണ്ടിലെ ചെലവഴിക്കാത്ത പദ്ധതി തുക തിരിച്ചടക്കേണ്ടതാണ് | 3(5) |
| 6 | മരാമത്ത് ബില്ലുകളിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ് | 3(6) |
| 7 | ബില്ലിൽ നിന്നും പിടിച്ച നികുതികളും വിഹിതവും അതാതു സ്ഥാപനങ്ങൾക്ക് തിരിച്ചടക്കുന്നില്ല | 3(7) |
| 8 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് നാളിതുവരെ ലഭ്യമായില്ല. | 3(8) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷങ്ങളിലെ ബജറ്റ്/ പുതുക്കിയ ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി/തീരുമാനം നമ്പർ |
|---|---|
| 2015-16 | തീരുമാനം- നമ്പർ 1തിയതി :30-3-2015 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2015 | 17-9-2016 | ബാധകമല്ല | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 21-10-2016 | - |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2015-16 | 3219810 | 10792448 | 14012258 | 11770412 | 2241846 |

*മുന്നിരിപ്പും നീക്കിയിരിപ്പും കയ്യിരിപ്പ് പണം ഉൾപ്പെടെ.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | മറ്റ് ഫണ്ടു കളിൽ നിന്നും മാറ്റിയത് | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1165521 | 17068888 | 5161059* | 23395468 | 11865516 | | 11529952** |
| വികസനഫണ്ട് (എസ്.സി.പി) | 1580025 | 4285207 | | 5865232 | 4778922 | 2207*<br>1084103** | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 214579 | 672529 | | 887108 | 709579 | 124579*<br>52950** | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 925000 | 3467000 | | 4392000 | 4391793 | 207** | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1117924 | 3816000 | | 4933924 | 4174969 | 758955** | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 1304044 | 4247702 | | 5551746 | 3228821 | 2322925* | 0 |
| ലോക ബാങ്ക് സഹായം | 3388738 | 2711348 | | 6100086 | 3388738 | 2711348* | 0 |

*5161059 = 2207* + 124579* + 2322925* +2711348*

** സർക്കാറിലേക്ക് തിരിച്ചടച്ചത്.

*VPFA II ലേക്ക് മാറ്റിയത്

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 15-16 | 93 | 41408032 | 83 | 30754034 | 4 | 6 | 89% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 350000 | 303745 | 100% |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 160000 | 160000 | 100% |
| വി.ഇ.ഒ | 11 | 9 | 6678875 | 4207500 | 63 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 2 | 2446332 | 1996332 | 81.61 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 51 | 50 | 22255218 | 17971928 | 80.75 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 656729 | 549190 | 83.63 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 250000 | 250000 | 100% |

# 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷം തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3117738 | 1640064 | 1477670 | -47.4 |
| നികുതിയേതര വരവുകൾ | 842558 | 807872 | 34686 | -4.12 |
| മറ്റു വരവുകൾ | 5760890 | 5554180 | 206710 | -3.59 |
| ആകെ | 9721186 | 8002116 | 1719066 | -17.68 |

മുൻവർഷത്തെ വരുമാനത്തേക്കാൾ തൻവർഷത്തിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെ മടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | - | - | - | - |
| 2 | തൊഴിൽ രഹിത വേതനം | - | - | - | - |
| 3 | വിധവാ പെൻഷൻ | 57 | 57 | - | - |
| 4 | വികലാംഗ പെൻഷൻ | 21 | 21 | - | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 247 | 247 | - | - |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-10-2016 ലെ 3.00 pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2578 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2015-16 | 20.6.16 മുതൽ 28.6.16 വരെ | 3.8.16 | ഒന്നുമില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2006-07 മുതൽ 2010-11 വരെ | 26.5.11 മുതൽ 4.6.11 വരെ | 1.7.2011 | ഒന്നുമില്ല. |

## 1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| 3 | കനറാ ബാങ്ക്, മൂങ്കിൽ മട | I & II | 2500 |
| 4 | സർവ്വീസ് സഹകരണ ബാങ്ക് | I & II | 2500 |
| 5. | മുത്തൂറ്റ് ഫിൻക്കോർപ്പ്, ലിമിറ്റ്ഡ്- ഗോപാലപുരം | I & II | 2500 |
| | | ആകെ | 7500 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 1/24.1.2016)

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

## ഈടാക്കിയിട്ടില്ല

എരുത്തേമ്പതി ഗ്രാമ പഞ്ചായത്തിന്റെ 14 വാർഡുകളിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വിവരം , അവയുടെ വസ്തു നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ താഴെ കാണിച്ച പ്രകാരമാണ്.

| വാർഡ് | മൊബൈൽ ടവർ | ഈടാക്കിയ ഇൻസ്റ്റലേഷൻ ഫീസ് & തിയതി | നിർണ്ണയിച്ച വസ്തു നികുതി | 2015-16ൽ ഈടാക്കിയ വസ്തു നികുതി | നിലനിൽക്കുന്ന വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|---|
| 6/203 | | | | | |
| 11/284 | ഏയർസെൽ | 24000 | 2748 | 2748 | 47196 |
| 1/303 | ഇണ്ടസ് ടവർസ് | 24000 | 2294 | 2294 | 38908 |
| 6/253-A | -ടി- | 21600 | 2274 | 2274 | 38908 |
| 10/323 | ബിഎസ്എൻ എൽ | 21000 | - | - | - |
| 7/253-A | ഇണ്ടസ് | 21000 | 2294 | 8800 | 33282 |
| | | | | | 158294 |

മേൽ പട്ടികയിൽ കാണിച്ചിട്ടുള്ളതിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ 158294 രൂപയുടെ കുടിശിക നിലനിൽക്കുന്നു. വരവിനത്തിലെ വർദ്ധനവ് വരുത്തുവാനും, നില നിൽക്കുന്ന കുടിശ്ശിക ഈടാക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതി - ചെലവിന്റെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് തുക 519526 രൂപയെ തടസ്സപ്പെടുത്തുന്നു.

1. പ്രോജക്ട് നമ്പർ s0005/2016

പ്രോജക്ടിന്റെ പേര് - അങ്കണവാടി പോഷകാഹാരം

നിർവ്വഹണം -ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ -2142332 രൂപ

ചെലവ് -1942332 രൂപ

മേൽ പദ്ധതിയിൽ പോഷകാഹാരം ലഭ്യമാക്കുവാനായി മാവേലി സ്റ്റോറിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ വാങ്ങയിട്ടുണ്ടെങ്കിലും ആയതിന്റെ വിതരണവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നം.& തിയതി | പിൻവലിച്ച തുക |
|---|---|---|
| 1 | 1/15-16 & 13.7.2015 | 184329 |
| 2 | 7/15-16 & 11.3.2016 | 89892 |
| 3 | 8/15-16 & 11.3.2016 | 131229 |
| 4 | 9/15-16 & 26.3.2016 | 114076 |
| | ആകെ | 519526 |

മേൽ പറഞ്ഞ രേഖകൽ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 519526 രൂപയെ തടസ്സപ്പെടുത്തുന്നു.

ബിൽ നമ്പർ – 3/15-16 തിയതി 31.12 .15 ൽ

ആകെ പിൻവലിച്ച തുക – 386290 രൂപ

പണമായി പിൻവലിച്ച തുക – 42603 രൂപ

ഗ്യാസ്, മുട്ട എന്നിവ നൽകുന്നതിനായി 20 അങ്കണവാടികൾക്കും 41603 രൂപ മാത്രമാണ് നൽകിയിരിക്കുന്നത്. നിർവ്വഹണോദ്യോഗസ്ഥ പദ്ധതി നിർവ്വഹണ ചാർജ്ജായി 1000 രൂപ ഉപയോഗിച്ചിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിർവ്വഹണം നടത്തിയ ഐ.സി.ഡി.എസ് സൂപ്പർവൈസറോട് നേരിട്ട് വിശദീകരണം ആവശ്യപ്പെട്ടതിനു 21.3.2015 ലെ ജി.ഒ.(പി) 119/2015 ധനം. ഉത്തരവിൽ പദ്ധതി നിർവ്വഹണ ചാർജ്ജായി നിർവ്വഹണോദ്യോഗസ്ഥന് കൈപ്പറ്റാവുന്ന തുക സംബന്ധിച്ച് പറയുന്നുണ്ട് എന്നായിരുന്നു മറുപടി. പ്രസ്തുത ഉത്തരവിൽ ടി തുക സംബന്ധിച്ച ഒന്നും പറഞ്ഞിട്ടില്ല. ആയതിനാൽ 1000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 സർക്കാർ ഉത്തരവിന് വിരുദ്ധമായി കംപ്യൂട്ടർ വാങ്ങിയത്. തുക തടസ്സപ്പെടുത്തുന്നു

3-07-2012 ലെ സർക്കാർ ഉത്തരവ് നം.1838/12 LSGD പ്രകാരം ആവശ്യമായ കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്നാണ് വാങ്ങേണ്ടത്. എന്നാൽ കെൽട്രോണിന്റെ ലഭ്യത കണക്കാക്കാതെ നേരിട്ട് ടെണ്ടർ വിളിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ഇപ്രകാരം നേരിട്ട് വാങ്ങുന്നത് ഉത്തരവിന് വിരുദ്ധമാണ്. ആയതിനാൽ ഇതിലേക്കായി ചെലവഴിച്ച ആകെ തുക തടസ്സപ്പെടുത്തുന്നു. വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ/വൗച്ചർ | തിയതി | പ്രോജ.നം | ചെലവഴിച്ചതുക | ഫണ്ട് |
|---|---|---|---|---|---|
| 1 | 833/950 | 11.3.2016 | 106/16 | 97800.00 | വികസനഫണ്ട് |
| 2 | 832/949 | 11.3.2016 | 79/16 | 49150.00 | MG(NR) |

| | | | | | |
|---|---|---|---|---|---|
| 3 | 833/950 | 11.3.2016 | 106/16 | 39600.00 | വികസനഫണ്ട് |

ക്രമനം.1. പ്രകാരം. രണ്ട് കംപ്യൂട്ടറുകൾ It Vision കൊല്ലങ്കോടിൽ നിന്നും ടെണ്ടറിലൂടെ വാങ്ങിയിട്ടുണ്ട്.
„ „ 2. „ „ ഒരു ലാപ്പ്ടോപ്പ് It Vision കൊല്ലങ്കോടിൽ നിന്നും വാങ്ങിയിട്ടുണ്ട്
„ „ 3. „ „ രണ്ട് UPS It Vision കൊല്ലങ്കോടിൽ നിന്നും വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച ആകെ തുക 186550/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 എച്ച്.ഐ.വി ബാധിതരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ

2015-16 വർഷത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണോദ്യോഗസ്ഥയായി എച്ച്.ഐ.വി ബാധിതരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി താഴെപ്പറയും പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നം | ചെലവ്, ഫണ്ടിനം | ബിൽ നം, തിയതി, തുക |
|---|---|---|---|
| 2015-16 | S0067/16 | അടങ്കൽ-61200 രൂപ<br>ചെലവ് -61200 രൂപ<br>വികസന ഫണ്ട് ജനറൽ | 4/15-16,<br>20-8-201 |
| | S0074/16 | അടങ്കൽ -61200രൂപ<br>ചെലവ് -45600 രൂപ<br>വികസന ഫണ്ട് ജനറൽ | 12/15-16<br>28-3-2016 |
| | ആകെ | ₹ 106800 | |

സ.ഉ (എം.എസ്) നം.362/2013/LSGD തിയതി 16/11/2013 പ്രകാരമുള്ള 2015-16 ലേക്കുള്ള പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 7-1 ക്രമ നമ്പർ 4, എന്നീ ഉത്തരവുകളിൽ എച്ച്.ഐ.വി ബാധിതരുടെ കുട്ടികൾക്കുള്ള ആനുകൂല്യം ജില്ലാ പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടതെന്നും, ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുവാൻ പാടില്ലെന്നും നിർദേശിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(സാധാ) നം.653/13/ തസ്വഭവ തിയതി 15.3.13 പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എച്ച്.ഐ.വി/എയിഡ്സ് മാർഗ്ഗരേഖയിലെ ഖണ്ഡിക 4 ലും മേൽ ഉത്തരവ് നൽകിയിട്ടുണ്ട്.
വരും വർഷങ്ങളിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ടുകൾ നടപ്പിലാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 6/28.10.2016)

## 3-4 ഐ.എ.വൈ. ഭവന നിർമ്മാണം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ഐ.എ.വൈ. ഭവന നിർമ്മാണം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ അധിക വിഹിതമായി ബ്ലോക്കിലേക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | വിഭാഗം | ബിൽ നമ്പർ & തിയതി | തുക |
|---|---|---|---|
| വി.ഇ.ഒ | | | |
| S009/16 | ജനറൽ | 4/15-16<br>20.10.16 | 460000 |
| S0012/16 | എസ്.സി.പി | 5/15-16<br>20-10-15 | 1112500 |
| S083/16 | എസ്.ടി | 2/15-16<br>20.10.15 | 90000 |

മേൽ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 കുടുംബശ്രീ അക്കൗണ്ടിലെ ചെലവഴിക്കാത്ത പദ്ധതി തുക തിരിച്ചടക്കേണ്ടതാണ്

ആശ്രയ ഭവന പദ്ധതിക്കായി മുൻവർഷങ്ങളിൽ ലഭിച്ച വികസന ഫണ്ട് 70004 രൂപയും, 2014-15 ലെ റിവോൾവിംഗ് ഫണ്ടിനത്തിലെ 30000 രൂപയും കുടുംബശ്രീ അക്കൗണ്ടിൽ നാളിതുവരെ ചെലവാകാതെ അവശേഷിക്കുന്നതായി കണ്ടു. (അക്കൌണ്ട് നം.1792101004895, കാനറാ ബാങ്ക്). വികസന ഫണ്ടിനത്തിലെ തുക സഞ്ചിത നിധിയിലേക്കും, റിവോൾവിംങ് ഫണ്ട് പഞ്ചായത്തിലേക്കും തിരിച്ചടച്ച് ചലാൻ, രശീതിയുടെ പകർപ്പ് ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്

(27.10.2016 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 4).

## 3-6 മരാമത്ത് ബില്ലുകളിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്

KCWA Act 1989, Sec.8(2) ഉം ,18.03.1997 ലെ സർക്കുലർ നം.2173/C2/97/ത.സ്വ.ഭ.വ പ്രകാരവും ലേബർ കോമ്പണൻറുള്ള എല്ലാ കരാർ തുകയിൽ നിന്നും 1% ക്ഷേമനിധി വിഹിതം പിടിക്കേണ്ടതാണ്. എന്നാൽ താഴെ കൊടുക്കുന്ന മരാമത്ത് പണികളിൽ നിന്നും ക്ഷേമനിധി വിഹിതം ഈടാക്കിയതായി കാണുന്നില്ല. വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബിൽ/വൌ.നം | തിയതി | മരാമത്ത് വിവരം | കരാർ തുക | ഈടാക്കേണ്ട ക്ഷേമനിധി |
|---|---|---|---|---|---|
| 1 | 486/546 | 3.11.15 | തെരുവ് വിളക്ക് റിപ്പയർ | 151237.00 | 1512 |
| 2 | 189/207 | 22.06.15 | ,, | 275168.00 | 2752 |
| 3 | 268/287 | 28.07.15 | ,, | 125037 | 1250 |
| 4 | 350/385 | 25.08.15 | ,, | 122123 | 1221 |
| 5 | 789/881 | 3.11.15 | ,, | 157351 | 1574 |
| 6 | 120/134 | 20.5.15 | Pipeline Repair | 17508 | 175 |
| 7 | 12/133 | ,, | ,, | 18262 | 183 |
| | | | | ആകെ | 8667 |

ഈടാക്കാത്ത ക്ഷേമനിധി വിഹിതം ഈടാക്കി പ്രസ്തുത സ്ഥാപനത്തിലേക്ക് അടവാക്കേണ്ടതാണ്.

## 3-7 ബില്ലിൽ നിന്നും പിടിച്ച നികുതികളും വിഹിതവും അതാതുസ്ഥാപനങ്ങൾക്ക് തിരിച്ചടക്കുന്നില്ല

മരാമത്ത് ബില്ലിൽ നിന്നും പിടിച്ച വാറ്റ്, വരുമാന നികുതി, ക്ഷേമനിധി വിഹിതം തുടങ്ങിയവ അതാതു സ്ഥാപനങ്ങൾക്ക് അടവാക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കയാണ്. ഇത് നിയമ വിരുദ്ധമാണ്. ആയതിനാൽ ഉടനെ തന്നെ ബില്ലിൽ നിന്നും പിടിച്ച വാറ്റ്, വരുമാന നികുതി, ക്ഷേമനിധി വിഹിതം തുടങ്ങിയവ അതാതു സ്ഥാപനങ്ങൾക്ക് അടവാക്കേണ്ടതാണ്. വിവരം ചുവടെ.

| ക്ര. നം. | ബിൽ/ വൗച്ചർ | തിയതി. | മരാമത്ത് വിവരം | ആകെ പ്രവൃത്തി മൂല്യം | വാറ്റ് | ആദായ നികുതി | ക്ഷേമ നിധി |
|---|---|---|---|---|---|---|---|
| 1. | 813/924 | 3.3.16 | പൊതിക്കൽSC Colony കുടിവെള്ള പദ്ധതി | 999455 | 39978 | 9995 | 9995 |
| 2 | 486/546 | 3.11.15 | Street Light Repair | 151237 | 6049 | 1512 | * |
| 3 | 189/207 | 22.6.15 | ,, | 275168 | 11007 | 2752 | * |
| 4 | 268/287 | 28.7.15 | ,, | 125037 | 5001 | 1250 | * |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 350/385 | 20.8.15 | ,, | 122123 | 4885 | 1221 | * |
| 6 | 789/881 | 3.11.15 | ,, | 157351 | 6294 | 1574 | * |
| | | | | ആകെ | 73214 | 18304 | 9995 |

(* ക്ഷേമനിധി വിഹിതം ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല)
ഇതു കൂടാതെ പെറ്റി വർക്കുകളുടെ ബില്ലിൽ നിന്നുള്ള നികുതികളും വിഹിതവും ഈടാക്കി തനതുഫണ്ടിൽ സൂക്ഷിക്കുന്നവയും ഉടൻ തിരിച്ചടക്കേണ്ടതാണ്.

## **3-8** ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് നാളിതുവരെ ലഭ്യമായില്ല.

പ്രോജക്ട് നം. s0018/16

അടങ്കൽ 200000 രൂപ

ചെലവ് 200000 രൂപ (എം. ജി. നോൺ റോഡ്)

നിർവ്വണം മെഡിക്കൽ ഓഫീസർ ഹോമിയോപതി

2015-16 സാമ്പത്തിക വർഷത്തിൽ ഗവ. ഹോമിയോ ഡിസ്പ്പെൻസറിക്ക് മരുന്ന് വാങ്ങുവാൻ 23-3-2016 തിയതിയിൽ ബിൽ നമ്പർ 1/15-16 പ്രകാരം 200000 രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) പിൻവലിക്കുകയും, 7-4-2016 ലെ ഡി.ഡി.നമ്പർ 068024 - മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് ഫാർമസി ലിമിറ്റഡ്, ആലപ്പുഴക്ക് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല. രോഗികൾക്ക് ആവശ്യാനുസരണം മരുന്ന് ലഭിക്കേണ്ടത് എന്നത് അനിയമാവാര്യമായതിനാൽ ഭരണ സമിതി പ്രത്യേക താൽപര്യത്തോടെ മരുന്ന് ലഭ്യമാക്കുവാനായി ശുപാർശ ചെയ്യേണ്ടതും, വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## **4-1** പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

സംയുക്ത പ്രൊജക്ടുകൾ ഇല്ല

## **4-2** നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപ പ്രവൃത്തികളില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് |
|---|---|---|---|
| 1 | 45000 | Ems ഭവനം | 1482458 |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തിരിച്ചടയ്ക്കാനുള്ള മുൻ ബാക്കി | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ems | G.O.799/2010 /ത.സ്വ.ഭ.വ. തിയതി 9.3.2013 | 3807540 | 45000 | 2370082 | - | 1482458 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെട്ടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി.എച്ച്.സി. വണ്ണാമട | 5.2.2010 | - | -ഇല്ല | - | | | |
| 2 | ഗവ. ആയുർവേദ ആശുപത്രി | 21.3.2015 | - | - | - | | | |
| 3 | ഗവ. ഹോമിയോ ഡിസ്പെൻസറി | 12-6-2012 | - | - | - | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10792448 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11770412 |
| വരവിനങ്ങളിലുള്ള നഷ്ടം | 7500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 538181 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്)

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 7500 | സെക്രട്ടറി |
| 3-1 | 1000 | ICDS സൂപ്പർവൈസർ |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 7500 | സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 519526 | ICDS supervisor |
| 3-2 | 18655 | സെക്രട്ടറി |
| ആകെ | 538181 | |

സി) <u>കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ടിക 3(6) 8667 രൂപ (ക്ഷേമനിധി)

ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖണ്ഡിക 3-1

ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.കെ ജയകുമാർ, സെക്രട്ടറി | സെക്രട്ടറി, എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത് | കൊട്ടിയാട്ടിൽ ഹൗസ്, പാറളം- പി.ഒ വെങ്ങാനിശ്ശേരി, തൃശ്ശൂർ. |
| ശ്രീമതി.ശോഭന ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ എരുത്തേമ്പതി | അദ്വൈതം, മന്ദത്ത്കാവ്, തത്തമംഗലം, പാലക്കാട്- 678102 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം - 1

## സാക്ഷ്യപത്രം

നം. കെ.എസ്.എ-പികെഡി11/2135/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -21 -01 -2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ എരുത്തേൻപതി ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എരുത്തേൻപതി ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD11/2135/2016

Kerala State Audit Department

District Audit Office

Palakkad

Date –21-01-2017

Audit Certificate

Certified that I have audited the Annual Financial Statement of Eruthempathi grama panchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Eruthempathi grama panchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset value not updated and linked with Sankhya.

Deputy Director